ശ്രീ. കാനം രാജേന്ദ്രൻ: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 1984, 1986—ലെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമിതി ചുമതലപ്പെടുത്തിയതനുസരിച്ച് നിയമസഭയുടെ മുമ്പാകെ ഞാൻ സമർപ്പിക്കുന്നു.

V. റിപ്പോർട്ടു പരിഗണന

കാര്യോപദേശക സമിതിയുടെ 18—ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശകസമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ 'റിപ്പോർട്ട് തള്ളിക്കളയണം' എന്ന ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നുണ്ട്, അത് മൂവ് ചെയ്തതിനു ശേഷം അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: Sir, I move the following under Rule 215:

"This House disagrees with the report of the Business Advisory Committee in the matter of allotting time in respect of budget discussion and also not providing time for discussion on a statutory resolution and matters of public importance."

ഞാൻ ഇങ്ങനെ ഒരു ഉപക്ഷേപം അവതരിപ്പിക്കുവാൻ പ്രേരിപ്പിച്ച കാരണങ്ങൾ ചുരുക്കമായിപ്പറയാം. ഒന്നാമത് നിയമസഭാ സാമാജികൻമാർക്ക് ന്യായമായും ലഭിക്കേണ്ട അവസരങ്ങളും ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭിക്കാതെവരുന്നുയെന്നതാണ് പ്രസക്തമായ കാര്യം. എത്രതന്നെ ശ്രമിച്ചാലും ഈ പരിമിതികൾക്കുള്ളിൽ ഒരു സാമാജികനെന്ന നിലയിൽ എനിക്കുള്ള പൂർണ്ണമായ അവകാശങ്ങളനുസരിച്ച് പ്രവർത്തിക്കുവാൻ സമയം കിട്ടുന്നില്ല. ഞാൻ ഉദാഹരണമായി ചൂണ്ടിക്കാണിക്കുവാനുദ്ദേശിക്കുന്നത്, ഈ നിയമസഭാ സമ്മേളനം ആരംഭിച്ച അവസരത്തിൽത്തന്നെ ഞാൻ ഒരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷനു നോട്ടീസ് നൽകിയിരുന്നു. ഈ ഗവൺമെന്റ് ഇടക്കാല തെരഞ്ഞെടുപ്പിനെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന സന്ദർഭത്തിൽ നമ്മുടെ രാജ്യത്തെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നു. ഈ സാഹചര്യത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും കാലാവധി നീട്ടുന്ന ഓർഡിനൻസ് അതിൻമേലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനുവേണ്ടി ഭരണഘടനയുടെ 213—ാം വകുപ്പനുസരിച്ചുള്ള നോട്ടീസാണ് കൊടുത്തിരുന്നത്. അത് ചർച്ച ചെയ്യേണ്ട കാര്യമാണ്. എനിക്ക് ഈ ഗവൺമെന്റിന്റെ പോളിസിയിൽ ഡിസ്എഗ്രിമെന്റുണ്ട്. എനിക്ക് മാത്രമല്ല 31 ഓർഡിനൻസിനെ സംബന്ധിച്ചും ഡിസ്അപ്രൂവൽ അവതരിപ്പിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ അവതരിപ്പിക്കാൻ അംഗങ്ങൾക്ക് അവകാശമുള്ളതാണ്. അതിനുള്ള സന്ദർഭം കിട്ടുന്നില്ല. അതുപോലെ തന്നെ രാജ്യത്തെ വളരെ പ്രധാനപ്പെട്ട ചർച്ച ചെയ്യേണ്ടതായ രണ്ടു മൂന്നു തീരുമാനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച്, matters of public interest-നെ സംബന്ധിച്ച്, ഞാൻ അങ്ങേക്ക് നോട്ടീസ് നൽകിയിരുന്നു. ഇതൊന്നും ഈ സഭയിൽ ചർച്ച ചെയ്യാൻ നിവർത്തിയില്ല. വേറൊരു പരിതാപകരമായ സ്ഥിതി, ഇന്നലെയും ഇന്നുമായി മെമ്പറൻമാർക്ക് വലിയ രണ്ടു കെട്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടെന്നുംപറഞ്ഞ് തന്നിട്ടുണ്ട്. ഈ രാജ്യത്തെ കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടാണത്. അതിനെ സംബന്ധിച്ച് 'കമാ' എന്നൊരക്ഷരം ഈ നിമയസഭയിൽ ചർച്ച ചെയ്യാനോ ഉന്നയിക്കുവാനോ അവസരമില്ല. എന്തിനാണ് ഈ നിയമസഭാ സാമാജികത്വം? ഈ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയാണ് ഞാൻ പറഞ്ഞത്. അതിനുതന്നെ പത്തൻപതു റിപ്പോർട്ടുകളോളമുണ്ട്. ആ റിപ്പോർട്ടുകളെല്ലാം നിയമാനുസൃതം ഞങ്ങൾക്ക് തരുന്നതാണ്. ഒരു മിനിട്ടുപോലും ചർച്ച ചെയ്യാൻ നിവൃത്തിയില്ല. അത് വളരെ ദയനീയമാണ്. കഴിഞ്ഞതവണ അങ്ങയുടെ സൗജന്യംകൊണ്ട് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ടു മാത്രമാണ് ചർച്ച ചെയ്തത്. ഇനിയും നിരവധിയെണ്ണമുണ്ട്. അതുപോലെ ശ്രീ. ജേക്കബ് ഏർപ്പെടുത്തിയ മാൽക്കം ആദിശേഷയ്യാ കമ്മിഷൻ റിപ്പോർട്ടും നമുക്ക് തന്നിട്ടുണ്ട്. അത് കഴിഞ്ഞ തവണ പറഞ്ഞതാണ് ചർച്ച ചെയ്യാമെന്ന്. ഒരക്ഷരം ഈ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരം കിട്ടുന്നില്ല. ഇങ്ങനെയുള്ള നിരവധി റിപ്പോർട്ടുകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സമയം കിട്ടുന്നില്ല. അതിലുപരി ഈ രാജ്യത്ത് ജലമലിനജല അതോറിറ്റി അടക്കമുള്ള ഓർഡിനൻസുകളും വഴിയുള്ള നിയമങ്ങളെ സംബന്ധിച്ചുള്ള റൂൾസ് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഈ റൂൾസുകളെ സംബന്ധിച്ച് 'കമാ' എന്നൊരക്ഷരം ഒരു അമൻഡ്മെന്റ് അവതരിപ്പിച്ച് ഈ സഭയിൽ ചർച്ച ചെയ്യാൻ നിവർത്തിയില്ല. അങ്ങനെ ഞങ്ങൾക്ക് ന്യായമായും കിട്ടേണ്ട അവകാശങ്ങളും പൂർണ്ണമായും നിഷേധിക്കപ്പെടുന്ന കേവലം ഔപചാരികമായ സമ്മേളനം മാത്രമാണിത്. ബഡ്ജറ് പാസാക്കലോ വോട്ട് ഓൺ അക്കൗണ്ട് പാസാക്കലോ മാത്രമല്ല ഇത്. അതുകൊണ്ട് യേവുചെയ്തത് ഈ സമ്മേളനം ഏപ്രിൽ 1—ാം തീയതിക്കുശേഷം തുടർന്നു നടത്തണമെന്ന് അങ്ങ് തീരുമാനിക്കണം. അങ്ങനെ 1—ാം തീയതിക്കുശേഷം സമ്മേളനം നടത്തണമെന്നും ഈ ചർച്ചകളും ഉന്നയിക്കുന്നതിനുള്ള സന്ദർഭം നിയമസഭാ സാമാജികൻമാർക്ക് തരണമെന്നും ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്. ഈ ഉദ്ദേശത്തോടുകൂടിയാണ് ഈ റിപ്പോർട്ട് തള്ളിക്കളയണമെന്ന ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചത്.

ശ്രീ. ഇ. കെ. നായനാർ: Sir, Under Rule 215 of the Rules of Procedure and Conduct of Business in the Kerala Legislative Assembly, I move the following amendment :

"The Report of the Business Advisory Committee be referred back to the Committee for further consideration ".

ഇത് ഞാൻ ഉന്നയിക്കുവാൻ കാരണം അസംബ്ലി സെഷൻ സമ്മേളിക്കുന്നതുതന്നെ ഇതിന്റെ പ്രൊസീഡ്യുവർ പ്രകാരം മുഖ്യമന്ത്രിക്കും സ്പീക്കർക്കും ചർച്ച ചെയ്തു തീരുമാനിക്കാം. അതുപോലെ തന്നെ മുഖ്യമന്ത്രിക്കും സ്പീക്കർക്കും പ്രതിപക്ഷനേതാവിനും ചർച്ച ചെയ്ത് തീരുമാനിക്കാം. ആർബിട്രറിയായിട്ട് മുഖ്യമന്ത്രിക്കുതന്നെ തീരുമാനമെടുക്കാം. ഇവിടെയിപ്പോൾ ഏഴാം കേരള നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെ പ്രതിപക്ഷവുമായി ചർച്ച ചെയ്തു അസംബ്ലികൂടേണ്ട ദിവസം നിശ്ചയിച്ചിട്ടില്ല. ഇവിടെ ഡമോക്രാറ്റിക്, ഫംഗ്ഷണിംഗ് ഇല്ല, എക്സിക്യൂട്ടീവ് ഫംഗ്ഷണിംഗ്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേയുള്ളു. എക്സിക്യൂട്ടീവിന്റെ ഒരു കരുവായിട്ടാണ് ലജിസ്ലേറ്റീവ് അസംബ്ലിയെ ഉപയോഗിക്കുന്നത്. ഇപ്പോഴത്തന്നെ നിങ്ങൾ കലണ്ടർ ഇറക്കി, ഈ കലണ്ടർ നിങ്ങൾ തീരുമാനിച്ചിട്ട് പിന്നീട് ഞങ്ങളെ വിളിച്ചുകൂട്ടി അത് അംഗീകരിക്കണമെന്നാണ് പറഞ്ഞത്. ഞങ്ങൾ ഇവിടെ വെറുതെ വന്നിരിക്കുകയാണോ? ഞങ്ങളും വോട്ടു നേടിവന്ന പ്രതിനിധികളാണ്. നിങ്ങളൊക്കെ ഡേറ്റ് ഫിക്സ് ചെയ്തത് 12 ദിവസം മുമ്പ് ഞങ്ങൾക്കു തരേണ്ടതാണ് ചോദ്യം ചോദിക്കാൻ. അത് ചെയ്തില്ല. പോരാത്തെ സ്പീക്കർ അസംബ്ലിയുടെ ഡേറ്റ് വയ്ക്കാതെ ചോദ്യം ചോദിക്കുവാനുള്ള പേപ്പേഴ്സ് അയച്ചുതന്നു. അസംബ്ലിയുടെ ഡേറ്റ് കാണിക്കാതെ ചോദ്യം അയക്കുവാനുള്ള കടലാസ് അയച്ചുതന്നിട്ടുള്ളത് കേരളാ ലജിസ്ലേച്ചറിന്റെ ചരിത്രത്തിൽ ആദ്യമാണെന്നാണ് തോന്നുന്നത്. അതുപോലെതന്നെ പ്രതിപക്ഷവുമായി ചർച്ചചെയ്ത് ഏതെങ്കിലും സെഷൻ നടത്തുകയെന്നത് ഈ നിയമസഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. നിയമസഭ ഏക പക്ഷീയമായി, സ്വേച്ഛാധിപത്യപരമായി തീരുമാനമെടുത്തിട്ട് ഞങ്ങളോട് പറയും വൈകുന്നേരം വരെ കുത്തിയിരിക്കുവാൻ. നിങ്ങൾക്ക് ചായ തരാം അല്ലെങ്കിൽ നെയ്ച്ചോറുതരാം, അല്ലെങ്കിൽ ബിരിയാണി തരാം എന്നൊക്കെ പറയും. ഇതൊന്നും നിങ്ങളുടെ സ്വന്തം പൈസയല്ല. ഇത് ഞങ്ങളുടെയുംകൂടി പൈസയാണ്. ആകെ ഈ ലജിസ്ലേച്ചർ ഡിസ്ക്കസ് ചെയ്തത്. 1982 മേയ് മാസത്തിനുശേഷം 157 ദിവസം മാത്രമാണ്. അതിൽ ലജിസ്ലേറ്റീവ് ബിസിനസ് ഡിസ്ക്കസ് ചെയ്തത് 59 ദിവസം മാത്രമാണ്. ഈ മൂന്നുരക്കൊല്ലത്തിനകം ഇവിടെ ഡിസ്ക്കസ് ചെയ്തിട്ടുള്ളത് 59 ദിവസം മാത്രമാണ്. ഈ അടിസ്ഥാനത്തിൽ ലജിസ്ലേച്ചറിനെ എക്സിക്യൂട്ടീവിന്റെ വെറുമൊരു കരുവാക്കി, വെറുമൊരു ഉപകരണമാക്കി... അതിനു ഞങ്ങൾ തയ്യാറല്ല. ഞങ്ങൾക്കു തീർച്ചയായും ഉച്ചയ്ക്കുശേഷം പങ്കെടുക്കാൻ നിവർത്തിയില്ല. അതുകൊണ്ടാണ് നിങ്ങൾ കൊണ്ടുവന്ന ചിട്ടയോടുകൂടിയ ചാർട്ട് ഞങ്ങൾക്ക് സ്വീകരിക്കുവാൻ സാദ്ധ്യമല്ലാത്തത്. കാരണം പ്രായമുള്ളവരും ഇവിടെയുണ്ട്. വൈകുന്നേരമിരിക്കുവാനും സാദ്ധ്യമല്ല. എന്തുകൊണ്ടു മാർച്ച് 31 ന് ശേഷം സമ്മേളനം വച്ചുകൂടാ? എന്തുകൊണ്ട് 12 ദിവസംമുമ്പ് വിളിച്ചില്ല. നിങ്ങളുടെയിടയിലുള്ള കുഴപ്പങ്ങൾ ഞങ്ങളുടെ കുഴപ്പങ്ങളാണോ? നിങ്ങൾ പരസ്പരം കഴുത്തുപിടിച്ച് ഞങ്ങളെ കുഴപ്പത്തിലാക്കുകയാണോ? കേരളാ കോൺഗ്രസും ലീഗും കരുണാകരനും കൂടി പരസ്പരം കഴുത്തിനു പിടിച്ചിട്ട്, ഞങ്ങളെ കുഴപ്പത്തിലാക്കേണ്ട ആവശ്യമുണ്ടോ? അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കുവാനുള്ള ഹീനമായിട്ടുള്ളതും നാറിയതുമായിട്ടുള്ള മാർഗ്ഗങ്ങൾ നിങ്ങൾ സ്വീകരിച്ചതുകൊണ്ട് ലജിസ്ലേറ്റീവ് ബിസിനസ് നടക്കുന്നില്ല. അതുകൊണ്ട് ഈ റിപ്പോർട്ട് ഞങ്ങൾക്ക് സ്വീകരിക്കുവാൻ വയ്യാ.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഇവിടെ നിലനിൽക്കുന്ന കീഴ്വഴക്കങ്ങളനുസരിച്ച് എല്ലാ വർഷവും ബഡ്ജറിന്റെ പൊതുചർച്ചയ്ക്ക് മൂന്നു പൂർണ്ണ ദിവസങ്ങൾ അനുവദിക്കാറുണ്ട്. റൂൾസ് ഓഫ് പ്രൊസീഡ്യൂവറനുസരിച്ച് നിയമസഭ കൂടേണ്ടത് എട്ടര മുതൽ ഒന്നര വരെയാണ്. അത് നിഷേധിച്ചുകൊണ്ട് ഇപ്പോൾ 24-ാം തീയതി വൈകുന്നേരം ഇരുന്നോളാനാണ് പറയുന്നത്. അങ്ങനെ വൈകുന്നേരം ഇരിക്കേണ്ടിവരുന്നതെന്തുകൊണ്ട് ? സാധാരണ നിലയ്ക്ക് നിയമസഭ സമ്മേളിക്കേണ്ടതും മാർച്ച് മാസം 31-ാം തീയതിക്കു മുമ്പായി ബഡ്ജറ് അവതരിപ്പിക്കേണ്ടതുമാണ്. ഇല്ലെങ്കിൽ അതിന്റെ വോട്ട് ഓൺ അക്കൗണ്ടെങ്കിലും പാസേക്കേണ്ടതാണ്. ഇതെല്ലാം ഇവിടെയുള്ള ചട്ടങ്ങളാണ്, ആർക്കും അറിഞ്ഞുകൂടാത്തതല്ല. അങ്ങ് തന്നെ ഞങ്ങൾക്ക് ഡേറ്റില്ലാത്ത ഫെബ്രുവരിമാസത്തിൽ അച്ചട ച്ച സമൻസാണ് അയച്ചത്. ഡേറ്റ് ചേർത്ത് ഫെബ്രുവരിയിൽ അയച്ചു തരേണ്ട സമൻസ് ആണ്. പക്ഷെ,

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ വിളിക്കുവാൻ ക്യാബിനറ്റ് തീരുമാനിച്ചത് മാർച്ച് 8–ാം തീയതിയാണ്. അത് എന്തുകൊണ്ട് സംഭവിച്ചു? ഇവിടെ നിയമസഭ വിളിച്ചുകൂട്ടുന്നതിനെപ്പറ്റി മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് ഉത്തരം പറഞ്ഞത്. കോൺഗ്രസ് ഐയ്ക്ക് ഭരണത്തെപ്പറ്റി ചില അഭിപ്രായമുണ്ടായി. ഇത് മറ്റു ഘടക കക്ഷികളുടെയും അഭിപ്രായം കിട്ടാൻ സമയമെടുത്തു. ഇതാണോ നിങ്ങളുടെ ജനാധിപത്യ സ്വഭാവം? കാലാകാലങ്ങളിൽ നിയമഭ വിളിച്ചുകൂട്ടി അതിന്റെ സാദ്ധ്യത നിർവ്വഹിക്കാതിരിക്കുന്നതും മെമ്പറൻമാർക്കുള്ള അവകാശങ്ങൾ സംരക്ഷിക്കാതിരിക്കുന്നതും ന്യായമാണോ? കഴിഞ്ഞ തവണ മാർച്ച് 6–ാം തീയതിയാണ് നിയമസഭ സമ്മേളിച്ചത്. മാർച്ച് 7–ാം തീയതിയെങ്കിലും ആരംഭിക്കാതെ ഇക്കൊല്ലത്തെ ബിസിനസ്, മിനിമം ഭരണഘടനാബാദ്ധ്യതകൾ നിർവ്വഹിക്കുവാൻ കഴിയുകയില്ല എന്നു അങ്ങേയ്ക്കുതന്നെ ബോദ്ധ്യമുള്ളതുകൊണ്ടല്ലേ ഡേററുമാത്രം ഇടാതെ ഫെബ്രുവരിയിൽ സമൻസ് അച്ചടിച്ചുവച്ചത്. ഞങ്ങൾക്കു കിട്ടിയ സമൻസിൽ ഫെബ്രുവരി 1986. ഡേററു മാത്രം ഒഴിച്ചിട്ടിരുന്നു. ഇപ്പോൾ ഈ തരത്തിലുള്ള ഒരു പ്രതിസന്ധി ഉണ്ടാക്കിയിട്ട് ഈ നിയമസഭയെ അവഗണിച്ചുകൊണ്ട് ഇത് പാസ്സാക്കുന്നതിനു ഞങ്ങൾക്കു വിഷമമുണ്ട്. ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്ക് മൂന്നുദിവസം നിശ്ചയിച്ചുകൊണ്ട് ഞങ്ങൾക്ക് കാര്യപരിപാടി അയച്ചുതരാറുള്ളതാണ്. അതിനുപകരം 24, 25, 26, ഗവൺമെന്റ് ബിസിനസ് എന്നാണ് പറയുന്നത്. അങ്ങനെ മുൻവിധിയോടുകൂടി ചർച്ചകൾക്കുള്ള സമയം വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചതുതന്നെ ഈ സഭയോടുള്ള അവഹേളനമാണ്. പിന്നെ എന്തിനാണ് ഈ കാര്യോപദേശക സമിതി? നിലവിലുള്ള കീഴ്വഴക്കങ്ങളനുസരിച്ചും റൂൾസ് അനുസരിച്ചും കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ഞങ്ങളുമായി കൺസൾട്ടു ചെയ്യാനുള്ളതാണ്. അതൊക്കെ ഒരു മുൻവിധിയോടുകൂടി തീരുമാനിച്ചുകഴിഞ്ഞതിനുശേഷം നിങ്ങൾ ഇതംഗീകരിച്ചുതരണം എന്നു പറഞ്ഞുകൊണ്ടാണ് കാര്യോപദേശകസമിതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രശ്നം അവതരിപ്പിച്ചത്. അതുകൊണ്ടാണ് അംഗീകരിക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞ് ഞങ്ങൾ പോന്നതും. അതിനുശേഷം കാര്യോപദേശക സമിതിയിലെ ബാക്കിയെല്ലാവരുംകൂടി എഴുതിയുണ്ടാക്കി സമിതിയുടെ റിപ്പോർട്ട് എന്നു പറഞ്ഞുകൊണ്ട് അവതരിപ്പിക്കുന്നതിൽ അർത്ഥമൊന്നുമില്ല. കാര്യോപദേശക സമിതിയുടെ റിപ്പോർട്ടായിട്ട് വയ്ക്കണമെങ്കിൽ പ്രതിപക്ഷംകൂടി അംഗീകരിക്കുന്ന രീതിയിലായിരുന്നു വരേണ്ടിയിരുന്നത്. മുഖ്യമന്ത്രിയുടെ സ്വന്തമായ ഒരു റിപ്പോർട്ടാണ് ഇവിടെ മൂവു ചെയ്യുന്നത്. അതിൽ ലീഡർ ഓഫ് ദി ഹൗസ് എന്ന നിലയ്ക്ക് അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ട്. ഇത് കാര്യോപദേശകസമിതിയുടെ റിപ്പോർട്ടാണെന്നു പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തിന്റെ മുഴുവൻ അഭിപ്രായങ്ങളേയും തള്ളിക്കളഞ്ഞുകൊണ്ട്, പ്രതിപക്ഷത്തു നിന്നും ആരും ഇല്ലാതെ അവരെ മാററി നിറുത്തിക്കൊണ്ട് ഭരണപക്ഷത്തുള്ള ആളുകളെല്ലാം കൂടി കാര്യോപദേശകസമിതിയെന്ന പേരിൽ ഇവിടെ റിപ്പോർട്ടു കൊണ്ടുവന്നത് അപഹാസ്യമാണ്, നിയമസഭയോടുള്ള അവഹേളനമാണ്. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. 'ഉച്ചതിരിഞ്ഞിരിക്കാം' എന്നുള്ള നിർദ്ദേശത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ സഭയിലെ അംഗങ്ങളുടെ അവകാശങ്ങളുടെ മേലൊന്നും നിയന്ത്രണം ഏർപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിച്ചിട്ടില്ല. ഡിസ്ക്ഷനുള്ള സമയം കുറവാണെന്നു പറഞ്ഞ ഗവർണ്ണറുടെ അഡ്രസിൻമേലുള്ള ചർച്ചയ്ക്ക് മൂന്നുദിവസം ഉപയോഗിച്ചിട്ടുണ്ട്. അതുപോലെ മുഴുവൻ ബഡ്ജറ്റാണെങ്കിൽ മൂന്നുദിവസം ഡിസ്കഷൻ നടത്തും. നമ്മുടെ നിയമസഭയുടെ ചട്ടങ്ങൾ അനുസരിച്ച് ബഡ്ജറ്റ് അന്തിമമായി പാസ്സാക്കുന്നതിനു മുൻപ് കമ്മിറ്റിയ്ക്ക് പോകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചശേഷം വോട്ട് ഓൺ അക്കൗണ്ട്സ് എടുക്കുന്നത്. കാരണം ഓരോ സബ്ജക്റ്റും കമ്മിറ്റിയ്ക്കുപോയി തിരിച്ചു വന്നു പാസ്സാക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ വർഷം മാത്രമല്ല മുൻ വർഷങ്ങളിൽ പലപ്പോഴും വോട്ട് ഓൺ അക്കൗണ്ട്സാണ് വന്നിട്ടുള്ളത്.

മെമ്പറൻമാരുടെ അവകാശങ്ങൾക്ക് വിരുദ്ധമായി ചെയ്യണമെന്ന് ആഗ്രഹിച്ചിട്ടില്ല. പ്രതിപക്ഷവുമായി ആലോചിച്ച് ഒരു തീരുമാനമെടുക്കണമെന്നുള്ളതുകൊണ്ട് അജണ്ടയിൽപോലും ഗവൺമെൻറ് ബിസിനസ് എന്നാണ് രേഖപ്പെടുത്തിയത്. അതിനുവേണ്ടി പ്രതിപക്ഷം ഉൾപ്പെട്ട കമ്മിറ്റി ആലോചിച്ചു. പക്ഷേ പ്രതിപക്ഷത്തിനു അതിനോടു യോജിക്കുവാൻ സാധിച്ചില്ല. അതു നിർഭാഗ്യകരമാണ്. ഈ കാര്യങ്ങളിലെല്ലാം യോജിച്ചു പോകണമെന്നുള്ളതുകൊണ്ട് ഗവൺമെൻറ് പരമാവധി അക്കോമഡേറ്റ് ചെയ്തു. രണ്ടുദിവസം എന്നുള്ളത് മൂന്നുദിവസത്തെ അത്രയും മണിക്കൂർ ചർച്ച ചെയ്യുന്നതിനു വേണ്ടി 24-ാം തീയതി ഉച്ചയ്ക്കുശേഷം കൂടാം എന്നുംപറഞ്ഞു. ചർച്ചാവേളയിൽ അനൗദ്യോഗികാംഗങ്ങൾക്കു ദിവസം കിട്ടുന്നില്ല എന്നു പരാതിയുണ്ടായിരുന്നു. സർ, നിർഭാഗ്യവശാൽ ഈസ്റ്റർ ഹോളിഡേയ്സും വന്നു. അതുകൊണ്ട് ഗവൺമെൻറിനുവേണ്ടി നീക്കിവച്ച് ഔദ്യോഗിക ദിവസം അനൗദ്യോഗിക അംഗങ്ങൾക്കായി മാറ്റിയതുതന്നെ ബഹുമാനപ്പെട്ട മെമ്പറൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് എനിയ്ക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, ഇതിനെ എതിർത്ത് വോട്ടുചെയ്യുന്ന പാരമ്പര്യമുണ്ടാക്കാതെ ഇതുമായി സഹകരിച്ചുപോകണം. നിങ്ങൾ നിർബന്ധിക്കുകയാണെങ്കിൽ ജനാധിപത്യത്തിൽ 'വോട്ട്' ഒഴിവാക്കാൻ പാടില്ലെന്നു വരാം. ദയവായി നിങ്ങൾ ഇതു പാസ്സാക്കിത്തരണം. മെമ്പറൻമാരുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാം ചെയ്തുകൊണ്ടാണ് സമയം നിശ്ചയിച്ചത്. സർക്കാരിൻറെ സമയംപോലും സഹകാര്യമെമ്പറൻമാർക്ക് വിട്ടുകൊടുത്തുകൊണ്ടാണ് ഞാൻ ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്.

മി. സ്പീക്കർ: ലെജിസ്ലേച്ചറിനെ സംബന്ധിച്ച ഒരു കാര്യം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ഇവിടെ വിശദീകരിക്കുകയാണ്. ലെജിസ്ലേച്ചറിനെ സംബന്ധിച്ചിടത്തോളം ഗുഡ് ഇൻറൻഷൻസ് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ സമൻസ് ഒക്കെ നേരത്തെ പ്രിൻറ് ചെയ്തു വച്ചതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. നേരത്തെ പ്രിൻറുചെയ്തുവച്ചതാണ്. എപ്പോഴെങ്കിലും സഭ വിളിച്ചുകൂട്ടാൻ വേണ്ടിയുള്ള തയ്യാർ ലെജിസ്ലേച്ചർ ഫൂട്ടിത്തിരുന്നു. ചോദ്യോത്തരത്തിൻറെ കാര്യത്തിൽ ഫോംസ് ഒക്കെ നേരത്തെ അയച്ചുകൊടുത്തിരുന്നു. ഇവിടെ സഭയിൽ നമ്മൾ സ്ഥിരമായി അക്സപ്റ്റ് ചെയ്തിട്ടുള്ള ഒരു രീതിയാണ്. അത് അയച്ചുകൊടുത്തത് മെമ്പർമാർക്ക് ഉണ്ടാകാനിടയുള്ള ഇൻകൺവീനിയൻസ് പരമാവധി കുറയ്ക്കുവാൻ വേണ്ടിയാണ്. ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾ സസ്പെൻഡ് ചെയ്യാതെ ചോദ്യോത്തരവേള ഉപയോഗപ്രദമാക്കാൻ കഴിഞ്ഞു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം സഭ തള്ളിക്കളഞ്ഞു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ 'പോൾ' ആവശ്യപ്പെടുന്നു.

(താഴെപറയും പ്രകാരം സഭ രണ്ടായിപ്പിരിഞ്ഞ് വോട്ടെടുപ്പു നടത്തി).

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—51

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. അറുമുഖൻ
4. ,, ബേബി ജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ,, സി. കെ. ചക്രപാണി
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ശ്രീമതി പി. ദേവൂട്ടി
13. ശ്രീ. കെ. ജെ. ജോർജ്ജ്
14. ശ്രീമതി കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ,, ടി. കെ. ഹംസ
17. ,, എം. ജിനദേവൻ
18. ,, ഇ. കെ. നായനാർ
19. ,, കെ. ടി. കണാരൻ
20. ,, എം. കെ. കേശവൻ
21. ,, വി. കേശവൻ
22. ,, സി. ടി. കൃഷ്ണൻ
23. ,, കെ. കൃഷ്ണൻ കുട്ടി
24. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ,, കെ. ടി. കുമാരൻ
26. ,, പി. കുമാരൻ
27. ,, പി. വി. കുഞ്ഞിക്കണ്ണൻ
28. ,, സി. പി. മൂസ്സാൻകുട്ടി
29. ,, കെ. മൂസ്സക്കുട്ടി
30. ,, എ. കെ. പത്മനാഭൻ
31. ,, ഇ. പത്മനാഭൻ
32. ,, കെ. പങ്കജാക്ഷൻ
33. ,, ടി. പി., പീതാംബരൻ മാസ്റ്റർ
34. ,, കെ. പി. പ്രഭാകരൻ
35. ,, കെ. പുരുഷോത്തമൻ
36. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
37. ശ്രീ. വർക്കല രാധാകൃഷ്ണൻ
38. ,, എം. വി. രാഘവൻ
39. ,, വി. കെ. രാജൻ
40. ,, കാനം രാജേന്ദ്രൻ
41. ,, എ. സി. ഷൺമുഖദാസ്
42. ഡോക്ടർ എ. സുബ്ബറാവു
43. ശ്രീ എ. വി. താമരാക്ഷൻ
44. ,, സി. കെ. തങ്കപ്പൻ
45. ,, വി. ജെ. തങ്കപ്പൻ
46. ,, എസ്. ആർ. തങ്കരാജ്

LIBRARY ARCHIVES Kerala Legislative Assembly

47. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
48. ,, ആർ. എസ്സ്. ഉണ്ണി
49. ,, ജി. വരദൻ
50. ,, സി. വാസുദേവമേനോൻ
51. ,, പി. വിജയദാസ്.

പ്രതികൂലിക്കുന്നവർ—68

1. ശ്രീ. എ. വി. അബ്ദുറഹുമാൻ ഹാജി
2. ,, പി. എം. അബൂബക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടി നഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, തെന്നല ജി. ബാലകൃഷ്ണ പിള്ള
9. ,, പി. കെ. കെ. ബാവ
10. ,, യു. എ. ബീരാൻ
11. ,, ബെന്നി ബഹനാൻ
12. ,, പി. ഭാസ്കരൻ
13. ,, വി. ദിനകരൻ
14. ,, എം. പി. ഗംഗാധരൻ
15. ,, എ. ജോർജ്ജ്
16. ,, പി. സി. ജോർജ്ജ്
17. ,, കെ. എം. ഹംസക്കുഞ്ഞ്
18. ,, എം. എം. ഹസ്സൻ
19. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
20. ,, എ. എൽ. ജേക്കബ്
21. ,, ടി. എം. ജേക്കബ്
22. ,, സി. ജി. ജനാർദ്ദനൻ
23. ,, ടി. എസ്. ജോൺ
24. ഡോക്ടർ കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീമതി എം. കമലം
27. ശ്രീ. കെ. ജി. ആർ. കർത്താ
28. ,, ജി. കാർത്തികേയൻ
29. ,, കെ. കരുണാകരൻ
30. ,, മണിമംഗലത്തു കുട്ട്യാലി
31. ,, ഇ. ജെ. ലൂക്കോസ്
32. ,, കെ. പി. എ. മജീദ്
33. ,, കെ. എം. മാണി
34. ,, എം. വി. മാണി
35. ,, കെ. മുഹമ്മദാലി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, പി. എ. മുഹമ്മദ് കണ്ണ്
38. ,, പി. വി. മുഹമ്മദ്
39. ,, ടി. എച്ച്. മുസ്തഫ
40. ,, കെ. എസ്. നാരായണൻ നമ്പൂതിരി

LIBRARY ARCHIVES Kerala Legislative Assembly

41. ശ്രീ. കെ. പി. നൂറുദ്ദീൻ
42. ,, ഉമ്മൻ ചാണ്ടി
43. ,, സി. വി. പത്മരാജൻ
44. ,, തച്ചടി പ്രഭാകരൻ
45. ,, കെ. രാഘവൻ മാസ്റ്റർ
46. ,, രാഘവൻ പൊഴക്കടവിൽ
47. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
48. ,, കെ. പി. രാമചന്ദ്രൻ നായർ
49. ,, എസ്. രാമചന്ദ്രൻ പിള്ള
50. ,, തേറമ്പിൽ രാമകൃഷ്ണൻ
51. ,, കെ. പി. രാമൻ
52. ,, രമേശ് ചെന്നിത്തല
53. ,, തോപ്പിൽ രവി
54. ,, വയലാർ രവി
55. ,, എൻ. ശക്തൻ നാടാർ
56. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
57. ,, കടവൂർ ശിവദാസൻ
58. ,, നാലകത്തു സൂപ്പി
59. ,, എൻ. ശ്രീനിവാസൻ
60. ,, കോട്ടക്കുഴി സുകുമാരൻ
61. ,, സി. എം. സുന്ദരം
62. ,, എൻ. സുന്ദരൻ നാടാർ
63. ,, വി. സുരേന്ദ്രൻ പിള്ള
64. ,, പി. പി. തങ്കച്ചൻ
65. ,, സി. എഫ്. തോമസ്
66. ,, തോമസ് കല്ലംപള്ളി
67. ,, പി. കെ. വേലായുധൻ
68. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ	51
പ്രതികൂലിക്കുന്നവർ	68
നിഷ്പക്ഷർ	ആരും ഇല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം സഭ നിരാകരിച്ചതായി പ്രഖ്യാപിച്ചു.

ശ്രീ. ഇ. കെ. നായനാർ അവതരിപ്പിച്ച ഉപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

കാര്യോപദേശക സമിതിയുടെ 18—ാമതു റിപ്പോർട്ട് സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മി: സ്പീക്കർ: അനൗദ്യോഗിക അംഗങ്ങൾക്ക് പ്രമേയങ്ങളുടെ നോട്ടീസ് തരാനുള്ള സമയം ശനിയാഴ്ച മൂന്ന് മണിവരെയെന്നു വച്ചിരിക്കുകയാണ്, ഇതിന്റെ ബന്ധപ്പെട്ട റൂൾസ് വേവ് ചെയ്തുകൊണ്ട് ചെയർ അനുവദിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly